# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**
**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ. (പി2)1593/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 17/12/2024
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി2)1593/2024 തീയ്യതി: 17/12/2024

## തൃശൂർ ജില്ലയിലെ ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-09-2023 മുതൽ 10-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു

ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 11-11-2024 | 15-11-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-11-2024 | 15-11-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രസാദ് പി., ഓഡിറ്റ് ഓഫീസർ
ജോമോൻ ഇ. കെ., അസി. ഓഡിറ്റ് ഓഫീസർ
ജിഷ കെ. ടി., സീനിയർ ഗ്രേഡ് ഓഡിറ്റർ
സ്വാലിഹ് സി. പി., ഓഡിറ്റർ
രമ്യ കെ. കെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ചിത്ര വിനോബാജി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| രമാദേവി പി. | സെക്രട്ടറി | 01-04-2023 | 28-10-2023 |
| ഷൈനി ഐ. ബി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-10-2023 | 05-12-2023 |
| വൃന്ദ വി. | സെക്രട്ടറി | 06-12-2023 | 21-03-2024 |

| | | | |
|---|---|---|---|
| ഷൈനി ഐ. ബി. | സെക്രട്ടറി | 22-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷൈനി ഐ. ബി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 22-02-2024 |
| കിഷലാൽ കെ. വി. | അസിസ്റ്റന്റ് സെക്രട്ടറി - ഇൻചാർജ്ജ് | 23-02-2024 | 21-03-2024 |
| ഷൈനി ഐ. ബി. | അസിസ്റ്റന്റ് സെക്രട്ടറി | 22-03-2024 | 31-03-2024 |
| സീമ ടി. എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 04-07-2023 |
| ജ്യോതിരാജ് പി. എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 05-07-2023 | 31-03-2024 |
| ശ്രുതി പി. ഡി. | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. മെറി ജെറോം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2023 | 31-03-2024 |
| ഡോ. ശാലിനി എസ്. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2023 | 31-03-2024 |
| ഡോ. സിജി എസ്. രാജ് | വെറ്ററിനറി സർജൻ | 01-04-2023 | 20-10-2023 |
| ഡോ. പ്രമീന കെ. വി. | വെറ്ററിനറി സർജൻ | 21-10-2023 | 31-03-2024 |
| സൂര്യ കെ. ആർ. | വി.ഇ.ഒ (കാണിപ്പയ്യൂർ സർക്കിൾ) - ഇൻചാർജ്ജ് | 01-04-2023 | 06-07-2023 |
| ലിജി ഇ. പി. | വി.ഇ.ഒ (കാണിപ്പയ്യൂർ സർക്കിൾ) | 07-07-2023 | 04-01-2024 |
| ജീബ | വി.ഇ.ഒ (കാണിപ്പയ്യൂർ സർക്കിൾ) | 05-01-2024 | 31-03-2024 |

| | | | |
|---|---|---|---|
| ഡോ. മിനി വി. ജി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 07-07-2023 |
| ഡോ. ഹസീന കെ. എ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 08-07-2023 | 31-03-2024 |
| സൂര്യ കെ. ആർ. | വി.ഇ.ഒ (ചൊവ്വന്നൂർ സർക്കിൾ) | 01-04-2023 | 31-03-2024 |
| ലീജ എം. വി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 10-10-2023 |
| മിഥുല എം. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11-10-2023 | 31-03-2024 |
| ഗിനിത പി. ജി. | ഡയറി ഫാം ഇസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ടോണി ജോസഫ് എ. എഫ്. | അസിസ്റ്റന്റ് ഫിഷറീസ് എസ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |

.

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-2 |
| 4 | ധനകാര്യ കമ്മീഷൻ ഗ്രാന്റായ ബേസിക് & ടൈഡ് എന്നീ ഫണ്ടുകളുടെ സുലേഖ/ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | B-4 ഷെഡ്യൂളിലെ ബാലൻസും B-17-ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-5 |
| 7 | വസ്തുനികുതി-സഞ്ചയ ഡി.സി.ബി-യും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | വസ്തുനികുതി മുൻകൂർതുക -വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല | 1-1-7 |
| 9 | അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല | 1-1-8 |
| 10 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-9 |
| 11 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-10 |
| 12 | മുൻകൂർ തുക രജിസ്റ്ററിൽ രേഖപ്പെടുത്തി ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല | 1-1-11 |
| 13 | വരവ് തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി | 1-1-12 |
| 14 | "Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല | 1-1-13 |
| 15 | ട്രയൽ ബാലൻസ് നീക്കിയിരിപ്പ് ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല | 1-1-14 |

| | | |
|---|---|---|
| 16 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി | 1-1-15 |
| 17 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-16 |
| 18 | ബജറ്റ് | 1-2 |
| 19 | ഫണ്ട് വിനിയോഗം | 1-3 |
| 20 | പദ്ധതി അവലോകനം | 1-4 |
| 21 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 22 | ക്ഷേമപെൻഷനുകൾ | 1-6 |
| 23 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 24 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 25 | വസ്തുനികുതി പരിഷ്കരണം-തുടർനടപടികൾ അറിയിക്കേണ്ടതാണ് | 1-9 |
| 26 | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-10 |
| 27 | തൊഴിൽനികുതി പിരിക്കുന്നതിലെ അപാകങ്ങൾ | 1-11 |
| 28 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ FATEOS ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നു | 1-12-1 |
| 29 | വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ-നടപടികളിൽ അപാകതകൾ | 1-12 |
| 30 | ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-13 |
| 31 | വാടക ഈടാക്കിയിട്ടില്ല | 1-14 |
| 32 | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ പ്രൊജക്ട്-മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-15 |
| 33 | തുക കൈമാറിയിട്ടും മരുന്നുകൾ ലഭ്യമായില്ല | 1-16 |
| 34 | ആയുർവേദ ഡിസ്പെൻസറിയിലേക്ക് ടിവി വാങ്ങൽ-അപാകത | 1-17 |

| | | |
|---|---|---|
| 35 | അമൃതം ഫുഡ് സപ്ലിമെന്റ്-വിതരണക്കാരിൽ നിന്നും ജി.എസ്.റ്റി ടി.ഡി.എസ് ഈടാക്കിയില്ല | 1-18 |
| 36 | യോഗ മിനിറ്റ്സ് - അംഗീകാരം വൈകുന്നു | 1-19 |
| 37 | തുടർ സാക്ഷരതപ്രവർത്തനം-തുടർവിവരങ്ങൾ ലഭ്യമല്ല | 1-20 |
| 38 | ഐ.കെ.എമ്മിന് വിഹിതം നല്കൽ-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-21 |
| 39 | എസ്.എസ്.കെ. വിഹിതം നല്കൽ-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-22 |
| 40 | ഡെപ്പോസിറ്റ് വർക്കുകൾക്ക് നല്കിയ തുക പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-23 |
| 41 | ഗ്രാമ സഭ യോഗം യഥാസമയം ചേരുന്നില്ല | 1-24 |
| 42 | സുജീവനം-കുട്ടികളുടെ പാർക്ക് നവീകരണം-അപാകതകൾ | 1-25 |
| 43 | വെതർ സ്റ്റേഷൻ നിർമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം | 1-26 |
| 44 | ബോർവെൽ നിർമ്മാണം-പദ്ധതി പൂർത്തീകരിച്ച് ഉപയോഗയോഗ്യമാക്കേണ്ടതാണ് | 1-27 |
| 45 | ഹരിത കർമ്മസേന-മാലിന്യ സംസ്ക്കരണം അവലോകനം | 1-28 |


## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |

| | | |
|---|---|---|
| 8 | ചാർജ്ജ് സർചാർജ്ജ് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യപത്രിക-സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 11.06.2024-ലെ 1(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 14.06.2024 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2024-ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും

മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 17.12.2024**

**ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

(ഓഡിറ്റ് എൻക്വയറി നമ്പർ 17/14.11.2024)

## 1-1-2 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

തനത് ഫണ്ടിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന പ്രവർത്തിക്കായി ചെലവഴിച്ച തുക, തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല. ഇത്തരത്തിൽ റവന്യൂ ചെലവുകൾക്ക് ഉപയോഗിച്ച തുക സ്ഥാപനത്തിന്റെ മൂലധന ചെലവായി രേഖപ്പെടുത്തുന്നത് Income & Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. റവന്യൂ ചെലവുകൾക്ക് ഉപയോഗിച്ച തുക മൂലധന ചെലവായി രേഖപെടുത്തി

| പ്രൊജക്ട് നമ്പറും പേരും | തുക | വൗച്ചർ നമ്പർ/ തീയതി | ചെലവ് ബുക്ക് | ബുക്ക് ചെയ്യേണ്ടിയിരുന്ന |
|---|---|---|---|---|

| | | | ചെയ്ത ശീർഷകം | ശീർഷകം |
|---|---|---|---|---|
| 74/24<br>ഗവ. ആയുർവേദ ഡിസ്പെൻസറിയുടെ ആവർത്തന ചെലവുകൾ | 9985 | 42300423/18.09.23 | 414110110-Medical Institution-Ayurveda-Medical Equipments For Health Institutions | ഉചിതമായ റവന്യൂ ശീർഷകം |

ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത ചെലവ് തുകകൾ 2024-25 സാമ്പത്തിക വർഷത്തിൽ "Prior Period Expenditure" എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ ആസ്തി ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതും ഇത്തരത്തിലുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

2. മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക റവന്യൂ ചെലവായി രേഖപെടുത്തി.

Development Fund - General എന്ന ഫണ്ടിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകൾ, തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുക സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുകയും ചെയ്യുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | വൗച്ചർ നമ്പർ/ തീയതി | തുക | ചെലവ് ബുക്ക് ചെയ്ത ശീർഷകം | ചെലവ് ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|
| 125/24 Construction Of Kuthambully Road | 42301126/29.07.23 | 12774 | 252110004-Roads-Concreting | ഉചിതമായ ആസ്തി ശീർഷകം |

ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത ചെലവ് തുകകൾ 2024-25 സാമ്പത്തിക വർഷത്തിൽ "Prior Period

Expenditure” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ ആസ്തി ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. കൂടാതെ മേൽ പരാമർശിച്ച മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകകൾക്ക് തത്തുല്യമായ തുക “Prior Period Income” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ “Capital Contribution” ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

## 1-1-3 ധനകാര്യ കമ്മീഷൻ ഗ്രാന്റായ ബേസിക് & ടൈഡ് എന്നീ ഫണ്ടുകളുടെ സുലേഖ/ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ (ബേസിക് & ടൈഡ്) നിന്നുള്ള പദ്ധതിച്ചെലവുകൾ വാർഷിക ധനകാര്യ പത്രിക, സുലേഖ / ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗ്രാന്റ് | വാർഷിക ധനകാര്യ പത്രിക (ഇൻകം & എക്സ്പൻഡിച്ചർ ഷെഡ്യൂൾ ഐ-6 പ്രകാരം)/ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | സുലേഖ സ്റ്റേറ്റ്മെന്റ് | വ്യത്യാസം |
|---|---|---|---|
| CFC Grant -TIED Fund | 1003531 | 2909703 | 49360 |
| CFC Grant -Basic Grant | 1955532 | | |
| ആകെ | 2959063 | | |

അപാകങ്ങൾ പരിഹരിക്കേണ്ടതാണ് (ഓഡിറ്റ് എൻകചയറി നമ്പർ 17/14.11.2024).

## 1-1-4 B-4 ഷെഡ്യൂളിലെ ബാലൻസും B-17-ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, എന്ന ഇനത്തിൽ ചെലവഴിക്കാൻ 31.03.2024-ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31.03.2024-ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4-ൽ ഉൾപ്പെട്ടതും ഷെഡ്യൂൾ ബി-17 പ്രകാരം പ്രത്യേക ബാങ്ക് അക്കൗണ്ട് ഇല്ലാത്തതുമായ താഴെ ചേർക്കുന്ന പ്രത്യേക ഉദ്ദേശ്യ ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ശീർഷകം | വിവരണം | 31.03.24-ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | 320900102 | Donations Related To Pandemic/Epidemic Control | 46,700 |
| 2 | 320800199 | Other Grants, Funds & Contributions For Specific Purposes-Capital | 4,86,707 |

## 1-1-5 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1512885 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -2587154 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-6 വസ്തുനികുതി-സഞ്ചയ ഡി.സി.ബി-യും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS-ലെ ഫിനാൻസ് മൊഡ്യൂൾ"-ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP-യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS-ലെ ഫിനാൻസ് മൊഡ്യൂൾ"-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**<u>തൻവർഷം-റെസിഡൻഷ്യൽ</u>**

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1668707 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1663536<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

**<u>വസ്തുനികുതി- നോൺറെസിഡൻഷ്യൽ</u>**

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1489960 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1489382<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

**സർവീസ് സെസ്സ്-റെസിഡൻഷ്യൽ & നോൺ-റെസിഡൻഷ്യൽ (തൻവർഷം + കുടിശ്ശിക)**

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 789695 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 788375 (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

കളക്ഷൻ തുകകൾ പൊരുത്തപ്പെടുന്നില്ല.

2. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരവും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരവും 160049 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt. Cesses/Levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് 160367 രൂപയാണ്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 14/14.11.204)

## 1-1-7 വസ്തുനികുതി മുൻകൂർതുക -വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31.03.2024-ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of | 30465 | 43141 |

| | | | |
|---|---|---|---|
| | Revenues-Property Tax On Residential Building | | |
| 2 | 350410104-Advance Collection Of Revenues-Property Tax On Non-Residential Building | 3661 | 6497 |

(ഓഡിറ്റ് എൻക്വയറി നമ്പർ 17/14.11.2024)

## 1-1-8 അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിലെ 2023-24 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർ നമ്പർ/തീയതി | ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക |
|---|---|---|
| 110100101-Property Tax On Residential Buildings | 42301317/31.03.24 | 1,667,081 |
| 110100102-Property Tax On Non Residential Buildings | 42301321/31.03.24 | 1,490,441 |

| | | |
|---|---|---|
| 110100104-Service Cess On Property Tax | 42301318, 42301322/31.03.24 | 789,659 |
| 110200101-Profession Tax - Institutions | 42301367/31.03.24 | 58,750.00 |
| 140110101-Licence Fees For Factories, Traders, Entepreneuors And Other, Services | 42301378, 42301387/31.03.24 | 153,950 |
| 130100101-Rent From Buildings | 42301360/31.03.24 | 293,796 |
| 110200105-Profession Tax-Traders | 42301959/31.03.24 | 949700 |

(ഓഡിറ്റ് എൻക്വയറി നമ്പർ 17/14.11.2024)

## 1-1-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.
(ഓഡിറ്റ് എൻക്വയറി നമ്പർ 17/14.11.2024).

## 1-1-10 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

1.1. **രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.**
ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഒന്നും തന്നെ പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും ലെഡ്ജറുകളുമായി മാസാന്ത്യ പൊരുത്തപ്പെടുത്തൽ നടത്തുകയും ചെയ്യുന്നില്ല.
2. ലേല രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ലേലം ഇനത്തിലുള്ള വരവുകളുടെ ഡിമാൻഡ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ വരവ് രജിസ്റ്ററിൽ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3. തൊഴിലുറപ്പ് പദ്ധതിയുടെ വിവിധ രേഖകൾ പ്രകാരമുള്ള വരവ് ചെലവ് തുകകൾ വാർഷിക കണക്ക് പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരം | തൊഴിലുറപ്പ് രേഖകൾ പ്രകാരം |
|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് + മെറ്റീരിയൽ കോസ്റ്റ് | 9227337 | 9137768 |

വൗച്ചർ നമ്പർ 42301370/31.3.2024 മുഖേന 483,706 രൂപ 312100128 Capital Contribution-Mahatma Gandhi National Rural Employment Guarantee Scheme എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും 415110001 Roads- New Roads എന്ന ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി മുഖേന നടത്തിയ മൂലധന ചെലവുകളാണ് ഇപ്രകാരം ബുക്ക് ചെയ്തിട്ടുള്ളത്. പദ്ധതി മുഖേന നടത്തുന്ന ചെലവുകൾക്ക് ലഭ്യമാകുന്ന തുക 160100628-Mahatma Gandhi National Rural Employment Guarantee Scheme എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ റവന്യൂ ചെലവുകൾ/ആസ്തി ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും പിന്നീട് മറ്റൊരു ജേർണൽ എൻട്രി മുഖേന മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുകക്ക് തത്തുല്യമായ തുക 160100628-Mahatma Gandhi National Rural Employment Guarantee Scheme എന്ന ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും 312100128 Capital Contribution-Mahatma Gandhi National Rural Employment Guarantee Scheme എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയുമാണ് ശരിയായ നടപടിക്രമം. ഭാവിയിൽ ഇപ്രകാരം ജേർണൽ എൻട്രികൾ രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-11 മുൻകൂർ തുക രജിസ്റ്ററിൽ രേഖപ്പെടുത്തി ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | വരുമാനം | മുൻകൂർ ശീർഷകം | 31.03.2024 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | ലൈസൻസ് ഫീ | 350410301-Advance Collection Of Revenues-Licence Fees For Factories Traders Enterpreneurs And Other Services | 100950 |
| 2 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax/Inst/Trad/Prof | 110940 |

(ഓഡിറ്റ് എൻക്വയറി നമ്പർ 17/14.11.2024)

## 1-1-12 വരവ് തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി

ഓഡിറ്റോറിയം/ഹാൾ എന്നിവയിൽ നിന്നുള്ള വാടക ഇനത്തിലെ വരവ് തുകയായ 4500 രൂപ 130100101 ശീർഷകത്തിൽ രേഖപ്പെടുത്തുന്നതിന് പകരം 130300101 ശീർഷകത്തിൽ രേഖപ്പെടുത്തി. ഇതുമൂലം വിവിധ വാടക രജിസ്റ്ററുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | | ഡിമാൻഡ് | കളക്ഷൻ |
|---|---|---|---|
| ഓഡിറ്റോറിയം/ ഹാൾ എന്നിവയിൽ നിന്നുള്ള വാടക | വാർഷികധനകാര്യ പത്രിക | 46500 | 46500 |
| | രജിസ്റ്റർ | 42000 | 42000 |
| കെട്ടിടത്തിൽ നിന്നുള്ള വാടക | വാർഷികധനകാര്യ പത്രിക | 293796 | 293796 |
| | രജിസ്റ്റർ | 298296 | 298296 |

(ഓഡിറ്റ് എൻക്വയറി നമ്പർ 17/14.11.2023). ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-1-13 "Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല**

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-19) പ്രകാരം “190000000-Prior Period Income” എന്ന ഷെഡ്യൂളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ശീർഷകങ്ങളുടെ ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-19) | 31.03.2024-ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100102 - Prior Period Income- Profession Tax- Institutions/Professionals/ Traders | 2,160 |
| 190200401 - Prior Period Income- Other Incomes | 104,254 |

(ഓഡിറ്റ് എൻക്വയറി നമ്പർ 17/14.11.2024)

**1-1-14 ട്രയൽ ബാലൻസ് നീക്കിയിരിപ്പ് ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല**

ട്രയൽ ബാലൻസ് പ്രകാരം 431910201 - Outdoor Collection Control Account എന്ന ശീർഷകത്തിൽ 34145 രൂപയുടെ ക്രെഡിറ്റ് നീക്കിയിരിപ്പുണ്ട്. എന്നാൽ മേൽ ശീർഷകം വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.
(ഓഡിറ്റ് എൻക്വയറി നമ്പർ 17/14.11.2024)

**1-1-15 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി**

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടിയിരുന്നതിന്റെ വിവരങ്ങൾ.

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 85050202 |
| | | |

| | | |
|---|---|---|
| ആകെ ചെലവ് (B) | | 92378559 |
| മിച്ചം തുക C= A-B | | -7328357 |
| Prior Period Income (I-19) | 106414 | |
| Prior Period Expenditure (I-18) | 0 | |
| Net Difference Between Prior Period Income And Expenses (D) | | 106414 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള<br>മിച്ച തുക (E) = C+D | | -7221943 |

എന്നാൽ Income & Expenditure പത്രികയിൽ E എന്നത് -7328357-ൽ നിന്നും 106414 കുറച്ചപ്പോൾ ലഭിച്ച -7434771 രൂപയാണ് മിച്ച തുകയായി ചേർത്തിട്ടുള്ളത്. 31.03.2024-ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റേണ്ടിയിരുന്നത് ശരിയായ -7221943 രൂപയായിരുന്നു.

| | |
|---|---|
| 31.03.2023 ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | 6702145 |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള<br>മിച്ച തുക (E) = C+D | -7221943 |
| 31.03.2024-ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ വരേണ്ട നീക്കിയിരിപ്പ് | -519798 |

എന്നാൽ 31.03.2024-ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നീക്കിയിരിപ്പ് -517298 രൂപയാണ്. വ്യത്യാസമുള്ള തുക ട്രയൽ ബാലൻസിൽ 431910201 - Outdoor Collection Control Account എന്ന ശീർഷകത്തിലെ 2500 രൂപയുടെ ക്രെഡിറ്റ് എൻട്രിയാണ്. മേൽ ശീർഷകത്തിലെ തുക ബാലൻസ്ഷീറ്റിൽ അതേ ശീർഷകത്തിൽ ഉൾപ്പെടുത്തുന്നതിന് പകരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ ക്രമീകരിക്കുകയാണ് ചെയ്തത്. ആയത് തെറ്റായ നടപടിയാണ്. 431910201 - Outdoor Collection Control Account എന്ന ശീർഷകത്തിൽ ട്രയൽ ബാലൻസിൽ നീക്കിയിരുപ്പായി ചേർത്തിട്ടുള്ള തുകകൾ മുൻ വർഷങ്ങളിലും

310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേക്ക് ക്രമീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതുമൂലം 310900101-Excess Of Income Over Expenditure, 431910201 - Outdoor Collection Control Account എന്നീ ശീർഷകങ്ങളിലെ ട്രയൽ ബാലൻസ്, ബാലൻസ് ഷീറ്റ് എന്നിവ പ്രകാരമുള്ള തുകകൾ വ്യത്യാസപ്പെടുന്നതിനു കാരണമാകുന്നു. 2024-25 വർഷത്തെ വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ IKM-മുമായി ബന്ധപ്പെട്ട് 431910201 - Outdoor Collection Control Account എന്ന ശീർഷകത്തിലെ ട്രയൽ ബാലൻസ് പ്രകാരമുള്ള തുക ബാലൻസ് ഷീറ്റിൽ ഇരട്ടിപ്പ് വരാത്ത രീതിയിൽ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-16 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4-ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450210101 | STATE BANK OF INDIA-(30188144897) | 2557 |
| 2 | 450210101 | STATE BANK OF INDIA/ PENSION OAP-(10531202793) | 10241 |

മേൽ പരാമർശിച്ച അക്കൗണ്ടിലെ തുകകൾ 2024-25 വർഷത്തിൽ സ്ഥാപനത്തിന്റെ ബാധ്യതയായി ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 17/14.11.2024)

## 1-2 ബജറ്റ്

സ.ഉ (സാധാ) നം.3291/2016/ത.സ്വ.ഭ.വ തീയതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ', 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 175, 214 എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കൽ സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്.

25.03.2023 തീയതിയിലെ 1(2) നമ്പർ തീരുമാന പ്രകാരം ബജറ്റ് പാസ്സാക്കിയിട്ടുണ്ട്. 07.02.2024-ലെ 2(1) നമ്പർ തീരുമാന പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

| | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബജറ്റ് | 5104938 | 183142000 | 188246938 | 184361780 | 3885158 |
| റിവൈസ്സ് ബജറ്റ് | 5154402 | 124787700 | 129942102 | 124679000 | 5263102 |

ബജറ്റിലേയും റിവൈസ്സ് ബജറ്റിലേയും മുന്നിരിപ്പിൽ വ്യത്യാസം സംഭവിച്ചിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 11440000 | 11440000 | 10684091 | 755909* |
| വികസന ഫണ്ട്-എസ്.സി.പി | 0 | 3619000 | 3619000 | 3615166 | 3834* |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 8056650 | 8056650 | 1903767 | 6152883* |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 2412600 | 2412600 | 2412385 | 215* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് CFC UNTIED | 966052 | 1969444 | 2935496 | 1955532 | 979964 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് CFC TIED | 1253510 | 1421000 | 2674510 | 1003531 | 1670979 |
| TSC(PBIG+SBM) | 22267 | 0 | 22267 | 17936 | 4331 |
| TSC (ODF) | 36000 | 0 | 36000 | 0 | 36000 |

| | | | | | |
|---|---|---|---|---|---|
| HEALTH GRANT (DIAGOSTIC) | 2472 | 740653 | 743125 | 0 | 743125 |
| HEALTH GRANT (WELLNESS) | 111230 | 323973 | 435203 | 109984 | 325219 |
| ICDS | 486027 | 775361 | 1261388 | 421147 | 840241 |
| Ayurvedam NHM GRANT (AYUSH GRANT) | 320040 | 0 | 320040 | 63184 | 256856 |
| LIFE STATE SHARE | 0 | 5800000 | 5800000 | 5110000 | 690000 |
| Keralolsavam | 330 | 0 | 330 | 0 | 330 |
| Grants, Funds And Contributions For Specific Purposes (Vimukthi) | 18550 | 0 | 18550 | 18550 | 0 |
| Other Grants, Funds And Contributions For Specific Purposes | 486707 | 0 | 486707 | 0 | 486707 |
| DISASTER FUND | 0 | 100000 | 100000 | 0 | 100000 |

കുറിപ്പ് - 1) സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്- എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

2) ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ 320200104 എന്ന ശീർഷകത്തിൽ സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് CFC UNTIED എന്ന ഇനത്തിൽ 9,79,845 രൂപ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്. 119 രൂപ ബാങ്ക് ചാർജിനത്തിൽ ചെലവായിട്ടുണ്ട്. പ്രസ്തുത തുക തുല്യമായ ബാധ്യത ശീർഷകത്തിൽ കുറവ് വരുത്താതെ ഇരുന്നതിനാലാണ് ഇപ്രകാരം വ്യത്യാസം സംഭവിച്ചത്. 2024-25 വർഷത്തെ വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ വ്യത്യാസം ജേണൽ എൻട്രി മുഖേന ക്രമീകരിക്കേണ്ടതാണ്.

3) പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകളിൽ ചെലവഴിക്കാതെ ദീർഘകാലമായി

അവശേഷിക്കുന്ന തുകകൾ ഉപയോഗിക്കുന്നില്ലെങ്കിൽ തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രൊജക്കു കളുടെ എണ്ണ ത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 165 | 88384729 | 111 | 35669797 | 40.35% | 67.27% |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1 | 89569 | 89570 | 89569 | 1 |
| ഗുണഭോക്താകൾക്ക് നേരിട്ട് നല്കുന്നത് | 0 | 7661330 | 7661330 | 7661330 | 0 |
| മെറ്റിരീയൽ വർക്ക് | 0 | 1476438 | 1476438 | 1476438 | 0 |
| ആകെ | 1 | 9227337 | 9227338 | 9227337 | 1 |

കുറിപ്പ് : തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരമുള്ള വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്. പ്രസ്തുത വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ 1-1-10 നമ്പർ ഖണ്ഡികയിലെ ക്രമ നമ്പർ 3-ൽ പരാമർശിച്ചിട്ടുണ്ട്.

## 1-6 ക്ഷേമപെൻഷനുകൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| | | |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2033600 | 160 |
| വിധവാ പെൻഷൻ | 8798300 | 861 |
| വാർദ്ധക്യകാല പെൻഷൻ | 14981800 | 1532 |
| വികലാംഗ പെൻഷൻ | 2020100 | 184 |
| 50 വയസ്സിന് മേൽ പ്രായം ഉള്ള അവിവാഹിതിരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1316800 | 117 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 30000 | 5 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.11.2024 തീയതിയിൽ 2.15 PM-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബുക്ക് പ്രകാരമുള്ള 232 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 വസ്തുനികുതി പരിഷ്കരണം-തുടർനടപടികൾ അറിയിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023-ലെ സ.ഉ.(കൈ)നം.77/2023/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂട്ടിച്ചേർക്കലുകൾ നടത്തുക, മാറ്റം വരുത്തുക, സോഫ്റ്റ്‌വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക തുടങ്ങിയ കാരണങ്ങളാൽ നികുതി നിർണ്ണയത്തിന് അടിസ്ഥാനമാക്കിയ വിവരങ്ങളിൽ നിന്നും വ്യത്യസ്തമാണ് പല കെട്ടിടങ്ങളുടെയും അവസ്ഥയെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഫീൽഡ് പരിശോധന നടത്തി മാറ്റം വന്ന കെട്ടിടങ്ങളുടെ

വിവരം സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യുന്നതിനും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി നിർണ്ണയിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ ഫീൽഡ് പരിശോധനകൾ 30.06.2023-ന് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ്.

2011-ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും ചട്ടങ്ങളിലെ വ്യവസ്ഥകൾക്കുവിധേയമായി ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ ഏതെങ്കിലും ഘടകത്തിന്റെ കാര്യത്തിലോ ഘടകത്തിന്റെ തരത്തിന്റെ കാര്യത്തിലോ കെട്ടിട ഉടമ വരുത്തിയതോ അല്ലെങ്കിൽ സ്വയം സംഭവിച്ചതോ ആയ മാറ്റങ്ങളുടെ വിവരങ്ങൾ രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് പിഴ ഒഴിവാക്കി വിവരം നൽകുന്നതിന് സ.ഉ.(കൈ) 77/2023/ത.സ്വ.ഭ.വ തീയതി 22.3.2023 പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. കൂടാതെ, കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിലേയ്ക്കായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ. ഡ്രാഫ്റ്റ്സ്മാന് സിവിൽ, ഐ.ടി.ഐ. സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യത ഉള്ളവരെ നിയോഗിക്കുന്നതിനും അതത് തദ്ദേശ സ്വയംഭരണ സ്ഥാപന തീരുമാനത്തിന് വിധേയമായി ഒരു കെട്ടിടനമ്പറിന് പരമാവധി 30/-രൂപ വീതം തനതുഫണ്ടിൽ നിന്ന് വിനിയോഗിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിലെ 13.06.2023 തീയതിലെ ഭരണസമിതി യോഗം തീരുമാനം 2(2) പ്രകാരം വസ്തു നികുതി പരിഷ്ക്കരണം സംബന്ധിച്ച 22.03.2023-ലെ സ.ഉ.(കൈ)നം.77/2023/LSGD നമ്പർ ഉത്തരവിലെ ഖണ്ഡിക 12, 13 ബാധകമാക്കി കൊണ്ട്, വിവരശേഖരണം ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനിയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വെയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കുന്നതിനായി തെരഞ്ഞെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അന്വേഷിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി

അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

അനധികൃതനിർമ്മാണം റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഫീൽഡ് സ്റ്റാഫിന് നിശ്ചയിച്ചു നല്കേണ്ടതും, അതനുസരിച്ച് അവർ കൃത്യനിർവ്വഹണം നടത്തുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥനും സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി ആവശ്യമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും ഇടപെടലുകളും പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ നൽകേണ്ടതുമാണ്. സർക്കാർ ഉത്തരവ് പ്രകാരമുള്ള ഫീൽഡ് പരിശോധനകൾ നടത്തി നികുതി-നികുതിയേതരയിനങ്ങളിലെ വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 13/14.11.2024)

## <u>1-10 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല</u>

2023-ലെ 18-ാം ആക്ട് പ്രകാരം ചേർക്കപ്പെട്ട കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207(1)(ബിഎ) പ്രകാരം സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർസെക്കണ്ടറി തലം വരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങൾക്കും നൽകിയിരുന്ന വസ്തുനികുതി ഇളവ് 01.04.2023 തീയതി പ്രാബല്യത്തിൽ ഒഴിവാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ നല്കിയിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സർക്കാർ അംഗീകാരം ഉണ്ടെങ്കിലും സർക്കാർ വകയോ, എയ്ഡഡോ, സർക്കാർ ധനസഹായത്തോടെയോ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ അല്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളിൽ ഫീൽഡ് പരിശോധന നടത്തി നിലവിലെ വിസ്തൃതിക്ക് അനുസൃതമായി 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി ഡിമാൻഡ് ചെയ്തു ഈടാക്കി ആയതിന്റെ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | വിദ്യാഭ്യാസ സ്ഥാപനം | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച .മീ) |
|---|---|---|---|
| 1 | ബഥനി ആശ്രമം, കുന്ദംകുളം | 5/173 E | 1281.05 |
| 2 | റോമൻ കാത്തലിക് ചർച്ച്, പുതുശ്ശേരി | 8/51 A | 951.14 |

| | | | |
|---|---|---|---|
| 3 | ദേവി സഹായം എൽ.പി സ്കൂൾ, പഴുന്നാന | 6/215 A | 645.3 |

(ഓഡിറ്റ് എൻക്വയറി നമ്പർ 13/14.11.24)

## <u>1-11 തൊഴിൽനികുതി പിരിക്കുന്നതിലെ അപാകങ്ങൾ</u>

1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനത്തിലെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്.

1. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി, സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | ചൊവന്നൂർ ക്ഷീരോത്പാദക സഹകരണ സംഘം |
| 2 | പഴുന്നാന ക്ഷീരോത്പാദക സഹകരണ സംഘം |
| 3 | കാണിപ്പയ്യൂർ ക്ഷീരോത്പാദക സഹകരണ സംഘം |
| 4 | അക്ഷയകേന്ദ്രങ്ങൾ |

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വാണിജ്യ/വ്യാപാര സ്ഥാപനങ്ങൾ ലൈസൻസിനുവേണ്ടി പഞ്ചായത്തിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട്. ലൈസൻസിനുവേണ്ടി പഞ്ചായത്തിൽ സമർപ്പിക്കുന്ന അപേക്ഷകൾ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | സ്ഥാപന ഉടമ/ സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | അർദ്ധവർഷം |
|---|---|---|---|---|
| 1 | 11/364 | കൃപ ബുക്ക് ബൈൻഡിങ് | 2 | 1st & 2nd |
| 2 | 11/363 | ക്ലാസിക് ബുക്ക് ബൈൻഡിങ് | 2 | 1st & 2nd |
| 3 | 10/7 | കൃഷ്ണ ടൈൽസ് | 2 | 1st & 2nd |
| 4 | 10/52 | ജോസ്കോ പ്ലാസ്റ്റിക്ക് | 2 | 1st & 2nd |
| 5 | 7/63, 64, 65 | നിയോ പ്ലാസ്റ്റ് | 7 | 1st & 2nd |
| 6 | 10/407 (G) | അസ്ത്ര ഹെൽത്ത് കെയർ | 5 | 1st & 2nd |
| 7 | 10/339 B | ഡോ. രാജൻ കുരുവിള ഡെന്റൽ & മെഡിക്കൽ ക്ലിനിക് കാണിപ്പയ്യൂർ | 2 | 1st & 2nd |
| 8 | 4/178 | വി.കെ.സി. പ്ലാസ്റ്റിക്സ് | 2 | 1st & 2nd |
| 9 | 13/166 A | ഡിസൈൻ എഞ്ചിനീയറിംഗ്, പന്തല്ലൂർ | 5 | 1st & 2nd |
| 10 | 12/204 | എൻ.എ.കെ. ബേക്കറി ചൊവന്നൂർ | 3 | 1st & 2nd |

| | | | | |
|---|---|---|---|---|
| 11 | 10/397 A | ഹാങ്ങ് ഔട്ട് കഫേ & റെസ്റ്റോറന്റ്, കാണിപ്പയ്യൂർ | 4 | 1st & 2nd |
| 12 | 12/201 | സൂര്യ ബേക്കറി ചൊവന്നൂർ | 5 | 1st & 2nd |
| 13 | 5/100 C | എം.ബി.ഇ.എസ്. ട്രേഡേഴ്സ് വെള്ളിത്തിരുത്തി | 3 | 1st & 2nd |
| 14 | 12/10, 11 | പി.വി.എം. ടു വീലർ ഓട്ടോ ഗാരേജ് | 3 | 1st & 2nd |
| 15 | 10/407 D | ഏദൻ ബിൽഡേഴ്സ് & ഡെവലപ്പേഴ്സ്, കാണിപ്പയ്യൂർ | 2 | 1st & 2nd |
| 16 | 6/20 A | എസ്.എസ്. ബ്രിക്ക് വർക്സ് | 3 | 1st & 2nd |
| 17 | 10/316 A | റിവർ ടൈൽസ് & സാനിറ്ററീസ് , ചൊവന്നൂർ | 5 | 1st & 2nd |
| 18 | 7/166 | ശാര പ്ലാസ്റ്റിക്ക് | 3 | 1st & 2nd |
| 19 | 3/49 | അഫ്സൽ സൊ മിൽ | 3 | 1st & 2nd |

3. 2023-24 സാമ്പത്തിക വർഷം ഗ്രാമപ്പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ (പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള) കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കരാറുകാരുടെ പേരു വിവരം താഴെച്ചേർക്കുന്നു.

| ക്രമ നമ്പർ | കറാറുകാരന്റെ പേര് |
|---|---|
| | |

| | |
|---|---|
| 1 | വിൽസൺ എൻ. എൽ. |
| 2 | അജോ വിൻസെന്റ് |
| 3 | അഷറഫ് പി. എച്ച്. |
| 4 | സുരേഷ് കെ. ആർ. |
| 5 | ഷാജുദീൻ കെ. കെ. |
| 6 | ജോർജ് പി. സി. |
| 7 | വിപിൻ പി. എൽ. |
| 8 | ബാബു പി. കെ. |
| 9 | നാരായണൻ ടി. |

മേൽ അപാകങ്ങൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/15.11.2024) മറുപടി ലഭ്യമായിട്ടില്ല. പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും, അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. മേൽ പരാമർശിച്ചിട്ടുള്ള തൊഴിൽ നികുതി ഒടുക്കാത്തവരിൽ നിന്നും നിയമ പ്രകാരമുള്ള തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12-1 പാരാമെഡിക്കൽ സ്ഥാപനങ്ങൾ FATEOS ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നു

2023-24 സാമ്പത്തികവർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്ററും, FATEOS ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനം രജിസ്ട്രേഷൻ പുതുക്കിയെങ്കിലും ലൈസൻസ് എടുക്കാതെ/പുതുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

| കെട്ടിട നമ്പർ | സ്ഥാപനം | സ്ഥാപന ഉടമയുടെ പേര് |
|---|---|---|
| 7/203 | പുനർജനി ആയുർ ക്ലിനിക്ക്, ചൊവ്വന്നൂർ | ഡോ. നയനരാജ് തിരുവോണം |

| | | |
|---|---|---|
| | | ഹൗസ്, കേച്ചേരി |

ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/15.11.2024) മറുപടി ലഭ്യമായിട്ടില്ല. മേൽ പട്ടികയിലെ സ്ഥാപനത്തിൽ നിന്ന് ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് ഫീസ് അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ആയത് ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-12 വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ-നടപടികളിൽ അപാകതകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. മേൽ ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിൽ ലൈസൻസ് നടപടികളിലും ഡേറ്റാബേസ്, രജിസ്റ്റർ, രേഖകൾ എന്നിവയുടെ സൂക്ഷിപ്പിലും അപാകതകൾ ഉള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല

പഞ്ചായത്തിലെ 13 വാർഡുകളിലും ലൈസൻസ് ബാധകമായ സ്ഥാപനങ്ങളുടെ ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ കാലികമാക്കിയിട്ടില്ല. ആയതിനാൽ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വാണിജ്യ വ്യവസായ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

2. ലൈസൻസ് അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഉള്ള ലൈസൻസ് അനുവദിച്ച് നൽകിയ അപേക്ഷകളിൽ മൂലധന നിക്ഷേപം കൃത്യമായി രേഖപ്പെടുത്താത്തതിനാൽ സ്ഥാപനങ്ങളിൽനിന്ന് ഈടാക്കിയ ലൈസൻസ് ഫീസിന്റെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

3. ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന ഫീൽഡ് പരിശോധന നടത്തി ഡാറ്റാ സർവ്വേ പൂർത്തിയാക്കി ഹരിതമിത്രം ക്യു.ആർ പതിച്ച സ്ഥാപനങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | കച്ചവട സ്ഥാപനങ്ങൾ | 383 |
| 2 | പ്രൈവറ്റ് ഹോസ്പിറ്റൽ/ഹെൽത്ത് കെയർ സ്ഥാപനങ്ങൾ | 7 |
| 3 | ഓഡിറ്റോറിയം | 10 |
| 4 | പൗൾട്രി/സ്ലോട്ടർ/ഫിഷ് സ്റ്റാൾ | 2 |
| 5 | ഹോട്ടൽ/ഫുഡ് കോർട്ട് | 14 |
| 6 | സലൂൺ / സ്പാ | 5 |
| 7 | ഓഫീസ് കെട്ടിടങ്ങൾ | 46 |
| ആകെ | | 467 |

എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2023-24 സാമ്പത്തിക വർഷത്തിൽ 263 സ്ഥാപനങ്ങളിൽ നിന്ന് മാത്രമാണ് പഞ്ചായത്ത് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്. ലൈസൻസ് അനുവദിച്ചവയുടെയും ഹരിതമിത്രം ആപ്ലിക്കേഷനിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കണക്കുകൾ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു.

4. സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ചുവടെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ/പുതുക്കാതെയാണ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്നത്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | ചൊവന്നൂർ ക്ഷീരോത്പാദക സഹകരണ സംഘം |
| 2 | പഴുന്നാന ക്ഷീരോത്പാദക സഹകരണ സംഘം |
| 3 | കാണിപ്പയ്യൂർ ക്ഷീരോത്പാദക സഹകരണ സംഘം |
| 4 | അക്ഷയകേന്ദ്രങ്ങൾ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/15.11.2024) മറുപടി ലഭ്യമായിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ കാലികമാക്കുന്നതിനും ലൈസൻസ് അപേക്ഷകളിൽ മൂലധന നിക്ഷേപം കൃത്യമായി രേഖപ്പെടുത്തിയ ലൈസൻസ് അപേക്ഷകൾ മാത്രം സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. വാർഡുതലത്തിൽ വസ്തുനികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർ അതാത് വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തി ആയവയെ്ക്കതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## <u>1-13 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്കു ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്നതിനോ അഥവാ ഏതെങ്കിലും ഇനം മൃഗങ്ങളെയോ പക്ഷികളെയോ വംശവർദ്ധനക്കായി വളർത്തുന്നതിനോ വേണ്ടി നീക്കിവച്ചിട്ടുള്ള കെട്ടിടങ്ങളോ ഷെഡുകളോ ഉള്ളതോ ഇല്ലാത്തതൊ ആയ സ്ഥലത്തിന് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കാതെയും ചട്ടം 3(2)-ൽ സൂചിപ്പിച്ചിട്ടുള്ളതിൽ കൂടുതൽ മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുവാൻ പാടില്ല.
ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ, ചട്ടം 10 പ്രകാരം സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ലൈവ്സ്റ്റോക്ക് ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെയോ പക്ഷികളുടേയോ എണ്ണം തിട്ടപ്പെടുത്തുന്നതിനോ, ഫാമിന്റെ ഉടമസ്ഥൻ അഥവാ നടത്തിപ്പുകാരൻ ഈ ചട്ടങ്ങളിലോ ഗ്രാമ പഞ്ചായത്തിന്റെ അനുമതിയിലോ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനോ വേണ്ടി ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരം പരിശോധന നടത്തുന്നില്ല.
വെറ്ററിനറി സർജൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം താഴെ ചേർത്തിരിക്കുന്ന ലൈവ് സ്റ്റോക്ക് ഫാമുകൾ

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി കാണുന്നു. എന്നാൽ ഇവ ലൈവ് സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ് എടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫാം ഉടമയുടെ പേര് | വാർഡ് നമ്പർ | കന്നുകാലികളുടെ എണ്ണം |
|---|---|---|---|
| 1 | മനോജ്, പാറപ്പുറത്ത് | 13 | പശു – 10 |
| 2 | സേവ്യർ, മണ്ടുപാൽ | 2 | പശു – 9 |
| 3 | സുധ വട്ടപ്പറമ്പിൽ | 1 | പശു –11 |
| 4 | മുഹമ്മദ് കറുപ്പംവീട്ടിൽ | 3 | പശു –11 |
| 5 | ലിയോൺ മണ്ടുംപാൽ | 2 | പശു –11 |

മേൽ അപാകങ്ങൾ സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/15.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിലെ ഫാമുകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ ഫാമുകളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന ഫാമുകൾക്കെതിരെ നിയമാനുസൃത തുടർ നപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## <u>1-14 വാടക ഈടാക്കിയിട്ടില്ല</u>

പഞ്ചായത്തിന്റെ വാടക രജിസ്റ്റർ, വാടക കരാർ എന്നിവ പരിശോധിച്ചപ്പോൾ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 12/12 നമ്പർ കടമുറി പഞ്ചായത്ത് കമ്മിറ്റിയുടെ 10.07.2023-ലെ 19(3)നമ്പർ തീരുമാന പ്രകാരം 2023 ഓഗസ്റ്റ് 1 മുതൽ 2024 മാർച്ച് 31 വരെ വൈശാഖ് കെ. എന്നവർക്ക് വാടകക്ക് നൽകിയിരുന്നു. എന്നാൽ വാടക രജിസ്റ്റർ പ്രകാരം 2023 ഓഗസ്റ്റ് മാസത്തെ വാടകയായ 4500 രൂപ ജി.എസ്.ടി. സഹിതം യഥാസമയം ഈടാക്കിയിട്ടില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 19/15.11.2024) മറുപടി ലഭ്യമായിട്ടില്ല. കുറവ് വന്ന വാടക തുകയായ 4500 രൂപ ജി.എസ്.ടി.യും പിഴപ്പലിശയും സഹിതം സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## <u>1-15 മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ പ്രൊജക്ട്-മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ പൂർണ്ണമായും ലഭ്യമായിട്ടില്ല</u>

പ്രൊജക്റ്റ് നമ്പർ - 85/24
അടങ്കൽ – 1090000 (വികസന ഫണ്ട്-ജനറൽ + ബ്ലോക്ക് പഞ്ചായത്ത് വിഹിതം + ജില്ലാ പഞ്ചായത്ത് വിഹിതം)
ആകെ ചെലവ് – 887274

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്റ്റ് പ്രകാരം മരുന്ന്, വിവിധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് (KMSCL) താഴെ പറയും പ്രകാരം മുൻകൂർ തുക കൈമാറിയെങ്കിലും മുഴുവൻ മരുന്നുകളും ഉപകരണങ്ങളും നാളിതു വരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| കൈമാറിയ തുകയും പ്രൊഫോർമ ഇൻവോയ്സ് നമ്പരും | വൗച്ചർ നമ്പർ/ തീയതി | ലഭിച്ച മരുന്നുകൾ/ ഉപകരണങ്ങളുടെ മൂല്യവും ഇൻവോയ്സ് നമ്പറും | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ/ ഉപകരണങ്ങളുടെ മൂല്യം |
|---|---|---|---|
| ₹ 98916<br>PRF1813/21.10.2023 | 42301170/<br>15.11.2023 | ₹ 74641 (22405/01.12.2023)<br>₹ 3249 (23761/15.12.2023)<br>₹ 148 (23897/18.12.2023)<br>₹ 1019 (24127/21.12.2023)<br>₹ 2158 (22413/09.07.2024)<br>₹ 4269 (27166/16.02.2024)<br>₹ 2856 (30228/16.03.2024)<br>ആകെ ₹ 88340 | ₹ 10576 |
| ₹ 99587<br>PRF1396/21.09.2023 | 42301154/<br>13.10.2023 | ₹ 74010 (23008/07.12.2023)<br>₹ 4934 (24173/26.12.2023)<br>₹ 435 (24682/09.01.2024)<br>₹ 4110 (27383/21.02.2024)<br>₹ 9664 (30369/18.03.2024)<br>₹ 322 (11932/11.06.2024) | ₹ 6112 |

| | | | | |
|---|---|---|---|---|
| | | | ആകെ ₹ 93475 | |

ബാക്കി തുകക്കുള്ള മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 15/14.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>1-16 തുക കൈമാറിയിട്ടും മരുന്നുകൾ ലഭ്യമായില്ല</u>

2023-24 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ,ഹോമിയോ നടപ്പിലാക്കിയ പ്രോജക്ട് നമ്പർ 75/24 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് ഹോംകോയുടെ പ്രോഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക കൈമാറിയതിൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ/പേര് | പ്രോഫോർമ ഇൻവോയ്സ് | ബിൽ നമ്പർ/ ചെക്ക് നമ്പർ/ വൗച്ചർ നമ്പർ | പദ്ധതി വിവരങ്ങൾ | | | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | അടങ്കൽ | ചെലവ് | ഫണ്ടിനം | |
| 1 | 75/24 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | PF 432/ 15.9.2023 (100000രൂപ) | Vr. 42301189/ 23.11.2023 (100000രൂപ) | 100000 | 100000 | മെയിന്റനൻസ് ഫണ്ട്-റോഡിതരം | മരുന്നൊന്നും ലഭ്യമായിട്ടില്ല. |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 11/14.11.2024) ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നു അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്നതിന്റെ പുരോഗതി യഥാസമയം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>1-17 ആയുർവേദ ഡിസ്പെൻസറിയിലേക്ക് ടിവി വാങ്ങൽ-അപാകത</u>

നിർവ്വഹണോദ്യാഗസ്ഥൻ: മെഡിക്കൽ ഓഫീസർ, ആയുർവേദം

പ്രോജക്ട് നമ്പർ,പേര് : 146/24, ആയുർവേദ ഡിസ്പെൻസറി അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കൽ
ഫണ്ടിനം : മറ്റുള്ളവ (ആയുഷ് ഗ്രാന്റ്)
അടങ്കൽ : 67000
ചെലവ് : 63184
വൗച്ചർ നമ്പർ
1) 42300712/27.12.2023 (16330 രൂപ)
2) 42300714/28.12.2023 (19954 രൂപ)
3) 42300864/16.02.2024 (26900 രൂപ)

മേൽ പദ്ധതി മുഖേന ചൊവ്വന്നൂർ ഗവ. ആയുർവേദ ഡിസ്പെൻസറിയിലേക്ക് 'GeM' മുഖേന നേരിട്ട് 16330 രൂപയുടെ ടിവി വാങ്ങിയിട്ടുണ്ട്. Cardsto Pvt. Ltd. എന്ന സ്ഥാപനമാണ് 'GeM' മുഖേന ടിവി വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ പരിശോധനക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം Cardsto Pvt. Ltd. എന്ന സ്ഥാപനം പ്രസ്തുത ടിവി ആമസോൺ വെബ്സൈറ്റിൽ നിന്ന് 13490 രൂപക്ക് വാങ്ങി ഗവ. ആയുർവേദ ഡിസ്പെൻസറിയിലേക്ക് ഷിപ്പ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. സ്റ്റോർ പർച്ചേയ്സ് മാന്വൽ അധ്യായം 19 ഖണ്ഡിക 19.10 പ്രകാരം ഉചിതമായ ന്യായീകരണം ഉണ്ടെങ്കിൽ 'GeM' മുഖേന വാങ്ങുന്ന സാധനങ്ങൾ, സാധനം ലഭ്യമായി 10 ദിവസത്തിനകം ഏതൊരു സാധനവും വാങ്ങുന്നയാൾക്ക് നിരസിക്കാനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണെന്നും നിരസിക്കുന്ന സാധനങ്ങൾക്ക് തുക നൽകേണ്ടതില്ലായെന്നും 10 ദിവസത്തിനകം നിരസിക്കുന്ന സാധനങ്ങൾ യാതൊരു തുകയും ഈടാക്കാതെ തിരിച്ചെടുക്കാൻ വിൽപ്പനക്കാരൻ ബാധ്യസ്ഥനാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ലഭ്യമായ ടിവി-യുടെ വില യഥാർത്ഥത്തിൽ നൽകിയ തുകയെക്കാൾ കുറവാണെന്നു വ്യക്തമായിട്ടും സ്റ്റോർ പർച്ചേയ്സ് മാന്വൽ വ്യവസ്ഥകൾ പ്രകാരം ടിവി നിരസിക്കാതിരുന്നതിനുള്ള കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 12/14.11.24) ലഭ്യമാക്കിയ മറുപടിയിൽ ടിവി പർച്ചേയ്സ് നടത്തിയത് 'GeM' വഴി ആയതിനാൽ സർക്കാർ അംഗീകൃതമാണെന്നു ഉറപ്പുള്ളതിനാലും 'GeM' വഴി ഉള്ള പർച്ചേയ്സിലെ വിശ്വാസ്യത കൊണ്ടും ആമസോൺ വഴി വന്ന ബില്ലിലെ തുക ശ്രദ്ധിച്ചില്ലായെന്നും ഭാവിയിൽ ഇത്തരം അപാകത വരാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ പദ്ധതികൾ നടപ്പാക്കുമ്പോൾ സ്റ്റോർ പർച്ചേയ്സ് മാന്വലിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-18 അമൃതം ഫുഡ് സപ്ലിമെന്റ്-വിതരണക്കാരിൽ നിന്നും ജി.എസ്.റ്റി ടി.ഡി.എസ് ഈടാക്കിയില്ല</u>

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ 49/24 അങ്കണവാടി അനുപൂരക പോഷകാഹാരം എന്ന പ്രോജക്റ്റ് പ്രകാരം അമൃതം ഫുഡ് സപ്ലിമെന്റ്, എടക്കളത്തൂർ എന്ന സ്ഥാപനത്തിൽ നിന്നു താഴെ പറയും പ്രകാരം അമൃതം ഉൽപ്പന്നങ്ങൾ 2.5% CGST-യും, 2.5% SGST-യും നല്കി വാങ്ങിയിട്ടുള്ളതാണ്.

| ക്രമ നമ്പർ | ഇൻ വോയ്സ് നമ്പർ | തീയതി | നികുതി ഒഴികെയുള്ള തുക | CGST@ 2.5% | SGST @ 2.5% | നികുതി ഉൾപ്പെ ടെയുള്ള തുക | വൗച്ചർ നമ്പർ/ തീയതി |
|---|---|---|---|---|---|---|---|
| 1 | 27 | 17.04.2023 | 42630 | 1065 | 1065 | 44760 | 42301142/ 24.08.2023 |
| 2 | 53 | 15.05.2023 | 42420 | 1060.5 | 1060.5 | 44541 | |
| 3 | 87 | 15.06.2023 | 41790 | 1044.75 | 1044.75 | 43879.50 | |
| 4 | 118 | 20.07.2023 | 41790 | 1044.75 | 1044.75 | 43879.50 | |
| 5 | 150 | 11.08.2023 | 43470 | 1086.75 | 1086.75 | 45643.50 | |
| 6 | 173 | 11.09.2023 | 41160 | 1029 | 1029 | 43218 | 42301168/ 15.11.2023 |
| 7 | 210 | 09.10.2023 | 40320 | 1008 | 1008 | 42336 | 42301174/ 17.11.2023 |
| 8 | 244 | 08.11.2023 | 40110 | 1002.75 | 1002.75 | 42115.50 | |
| 9 | 281 | 12.12.2023 | 38850 | 971.25 | 971.25 | 40792.5 | 42301239/ 19.01.2024 |
| 10 | 314 | 13.02.2024 | 39690 | 992.5 | 992.5 | 41675 | 42301302/ 25.03.2024 |
| ആകെ | | | 412230 | 10305.25 | 10305.25 | 432840.5 | |

CGST ആക്റ്റ് 2017-ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടി.ഡി.എസ് ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്റ്റ് 2017-ലെ വകുപ്പ് 51(1) സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും CGST, SGST ഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. GST ഒഴികെയുള്ള തുകയിൽ നിന്നുമാണ് നികുതി ഈടാക്കേണ്ടത്. എന്നാൽ മേൽ പട്ടികപ്പെടുത്തിയ പ്രകാരം അമൃതം ഫുഡ് സപ്ലിമെന്റ്, എടക്കളത്തൂർ എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ഉൽപ്പന്നങ്ങൾ

വാങ്ങിയപ്പോൾ CGST, SGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കിയിട്ടില്ല. തുടർവർഷങ്ങളിൽ തുക അനുവദിക്കുമ്പോൾ നിയമാനുസൃത ജി.എസ്.റ്റി ടി.ഡി.എസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 14/14.11.2024)

## 1-19 യോഗ മിനിറ്റ്സ് - അംഗീകാരം വൈകുന്നു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സ.ഉ (സാധാ.) 3630/2015/ത.സ്വ.ഭ.വ തീയതി 3.12.2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതി യോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് വ്യക്തമായി. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ മിനിട്ട്സ് തയ്യാറാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. 2023-24 വർഷം യോഗം ചേർന്നതിന്റെ ഏതാനും മിനിട്ട്സ് തയ്യാറാക്കിയത് പരിശോധിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| യോഗ തീയതി | സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി | അദ്ധ്യക്ഷൻ അംഗീകരിച്ച തീയതി |
|---|---|---|
| 18.04.23 | 09.06.24 | 09.06.24 |
| 02.05.23 | 18.06.23 | 18.06.23 |
| 03.05.23 | 25.05.23 | 25.05.23 |
| 31.05.23 | 03.07.23 | 03.07.23 |
| 28.12.23 | 01.02.24 | 01.02.24 |

യോഗ മിനിറ്റ്സ് അംഗീകാരം വൈകുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 25/2023-24 തീയതി 15.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. യോഗ മിനിറ്റ്സിന് സമയപരിധിക്കുള്ളിൽ അംഗീകാരം നല്കേണ്ടതാണ്.

## 1-20 തുടർ സാക്ഷരതപ്രവർത്തനം-തുടർവിവരങ്ങൾ ലഭ്യമല്ല

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പറും | തുടർ സാക്ഷരതപ്രവർത്തനം<br>പ്രൊജക്ട് നമ്പർ 24/24 |
| നിർവ്വഹണോദ്യോഗസ്ഥ | സെക്രട്ടറി |
| അടങ്കൽ | ₹ 17550<br>വികസന ഫണ്ട് (ജനറൽ) |
| ചെലവ് | ₹ 17550<br>വൗച്ചർ നമ്പർ 42301269 തീയതി 24.03.24 |

സംസ്ഥാന സാക്ഷരത മിഷൻ നടത്തി വരുന്ന പത്താം തരം, ഹയർ സെക്കണ്ടറി തുല്യത പരീക്ഷകൾക്ക് ചൊവ്വന്നൂർ പഞ്ചായത്തിൽ നിന്നും ഹയർ സെക്കൻഡറി പരീക്ഷയ്ക്ക് 3 പേരും, പത്താം ക്ലാസ് തുല്യത പരീക്ഷയ്ക്ക് 5 പേരും അടക്കം 8 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഹയർ സെക്കൻഡറി തുല്യതയ്ക്ക് കോഴ്സ് ഫീസും രജിസ്ട്രേഷൻ ഫീസും ഉൾപ്പെടെ ഒരാൾക്ക് 7800 രൂപ (3x2600=7800) Director SLM, തിരുവനന്തപുരത്തിനും പത്താം തരം തുല്യതയ്ക്ക് ഒരാൾക്ക് 9750 രൂപ (5x1950=9750) കേരള സംസ്ഥാന ലിറ്ററസി മിഷൻ അതോറിറ്റിയ്ക്കും നല്കിയിട്ടുണ്ട്. ആകെ 17550 രൂപ. മേൽ വ്യക്തികൾ പഠന ക്ലാസിൽ പങ്കെടുത്തിന്റേയോ പരീക്ഷ എഴുതിയതിന്റേയോ വിവരങ്ങൾ ഫയിൽ നിന്നും ലഭ്യമല്ല. ആയത് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 2 തീയതി 13.11.2024) 14.11.2024 തീയതിയിൽ നിർവ്വഹണോദ്യോഗസ്ഥ നല്കിയ മറുപടിയിൽ 10-ാം തരം തുല്യത പരീക്ഷ എഴുതിയത് 2 പേരും ഹയർ സെക്കണ്ടറി തുല്യത പരീക്ഷ എഴുതിയത് 2 പേരും ആണെന്ന് അറിയിച്ചു. ആയതിന്റെ രേഖകൾ ഹാജരാക്കുകയുണ്ടായി. അവശേഷിക്കുന്ന 4 പേരുടെ വിവരങ്ങൾ ഹാജരാക്കുന്നതിന് സാക്ഷരത പ്രേരകിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചു. ഗുണഭോക്താക്കൾ തുല്യത പരീക്ഷയിൽ വിജയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഓഡിറ്റിന് ലഭ്യമാക്കുമെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചു. തുടർവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 ഐ.കെ.എമ്മിന് വിഹിതം നല്കൽ-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പറും | ഐ.കെ.എമ്മിന് വിഹിതം നല്കൽ |

| | |
|---|---|
| | പ്രൊജക്ട് നമ്പർ 23/24 |
| നിർവ്വഹണോദ്യോഗസ്ഥ | സെക്രട്ടറി |
| അടങ്കൽ | ₹ 50000<br>വികസന ഫണ്ട്<br>(ജനറൽ) |
| ചെലവ് | ₹ 50,000 (വൗച്ചർ നമ്പർ<br>42301102<br>തീയതി 23.06.2023) |

31.05.2023 തീയതിയിലെ ഐ.കെ.എം/എ7/1624/2023 നമ്പർ കത്തു പ്രകാരം 2015-16 മുതൽ 2023-24 വരെ ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും ഐ.കെ.എം വിഹിതമായി ലഭിക്കാനുള്ള 59,997 രൂപ ട്രാസ്റ്റർ ചെയ്യണമെന്ന് അറിയിച്ചിട്ടുണ്ട്. ആയതു പ്രകാരം 50000 രൂപ ഐ.കെ.എമ്മിന് നല്കിയിട്ടുണ്ട്. എന്നാൽ ധന വിനിയോഗ സാക്ഷ്യപത്രം ഐ.കെ.എമ്മിൽ നിന്നും ഇതുവരെയും ലഭിച്ചതായി ഫയലിൽ നിന്നും വ്യക്തമല്ല. ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 3 തീയതി 13.11.2024) 15.11.2024 തീയതിയിൽ ലഭിച്ച മറുപടിയിൽ ഐ.കെ.എമ്മിനോട് ധന വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടിട്ടുണ്ടെന്നും അയത് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിന് ലഭ്യമാക്കാമെന്നും അറിയിച്ചിട്ടുണ്ട്. ഐ.കെ.എമ്മിൽ നിന്നും ലഭിച്ച ധന വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## **<u>1-22 എസ്.എസ്.കെ. വിഹിതം നല്കൽ-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല</u>**

| | |
|---|---|
| പ്രൊജക്റ്റിന്റെ പേരും നമ്പറും | എസ്.എസ്.കെ.<br>വിഹിതം നല്കൽ<br><br>പ്രൊജക്ട് നമ്പർ 52/24 |
| നിർവ്വഹണോദ്യോഗസ്ഥ | സെക്രട്ടറി |
| അടങ്കൽ | ₹ 100000<br>വികസന ഫണ്ട്<br>(ജനറൽ) |
| ചെലവ് | ₹ 1,00,000 (വൗച്ചർ നമ്പർ<br>42301131 |

| | |
|---|---|
| | തീയതി 07.08.2023) |

മേൽ പട്ടികയിൽ പറയും പ്രകാരം 100000 രൂപ പ്രോജക്റ്റ് ഓഫീസർ എസ്.എസ്.കെ.യ്ക്ക് പഞ്ചായത്ത് വിഹിതമായി നല്കിയിട്ടുണ്ട്. എന്നാൽ ധനവിനിയോഗ സാക്ഷ്യപത്രം ഇതുവരെയും ലഭ്യമാക്കിയിട്ടില്ല. ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 4 തീയതി 13.11.2024) മറുപടിയായി എസ്.എസ്.കെയിൽ നിന്നും ധനവിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിന് ലഭ്യമാക്കാമെന്നും അറിയിച്ചിട്ടുണ്ട്. ധനവിനയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-23 ഡെപ്പോസിറ്റ് വർക്കുകൾക്ക് നല്കിയ തുക പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

| പ്രൊജക്ടിന്റെ പേരും നമ്പറും | നിർവ്വഹണോദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|---|
| വിവിധ വാർഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിംഗ് പ്രൊജക്ട് നമ്പർ 110/24 | സെക്രട്ടറി | ₹129317<br>വികസന ഫണ്ട് (ജനറൽ) | ₹ 7942<br>(42301138/18.08.23)<br>₹ 27827<br>(42301139/18.08.23)<br>₹ 50144<br>(42301159/10.11.23)<br>₹ 14087<br>(42301207/19.12.23)<br>ആകെ ₹ 100000 | അസി. എഞ്ചിനീയർക്ക് (ഇലക്ട്രിക്കൽ സെക്ഷൻ കുന്നംകുളം) നല്കിയത് മുൻകൂർ നല്കുമ്പോൾ കരാർ വച്ചതായി കാണുന്നില്ല. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. |
| ഉഭയൂർ കുടിവെള്ള പദ്ധതി പ്രൊജക്ട് നമ്പർ 51/24 | സെക്രട്ടറി | ₹150000<br>ധനകാര്യ കമ്മീഷൻ അവാർഡ് | ₹ 115000<br>(22300995/28.02.24) | ജില്ല ഓഫീസർ, ഭൂജല വകുപ്പ്, സിവിൽ സ്റ്റേഷൻ, തൃശ്ശൂർ- നല്കിയത്.<br>23.02.2024 തിയ്യതിയിൽ |

| | | | | |
|---|---|---|---|---|
| | | | | Chwr/06/Sec/23-24 നമ്പർ പ്രകാരം കരാർ വച്ചിട്ടുണ്ടെങ്കിലും എന്ന് പ്രവൃത്തി പൂർത്തീകരിക്കുമെന്ന് കരാറിൽ പറയുന്നില്ല. പ്രവർത്തി ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല. |
| വൈദ്യുതി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ<br>പ്രൊജക്ട് നമ്പർ 15/24 | സെക്രട്ടറി | ₹529314<br>വികസന ഫണ്ട് (ജനറൽ) | ₹ 46881<br>(42301102/22.06.23)<br>₹ 81420<br>(42301145/02.09.23)<br>₹ 267518<br>(42301292/25.03.24)<br>₹ 133495<br>(42301293/25.03.24)<br>ആകെ ₹ 529314 | അസി. എഞ്ചിനീയർ, ഇലക്ട്രിക്ക് സെക്ഷൻ കൂനംമൂച്ചിയ്ക്ക് നല്കിയത്<br>മുൻകൂർ നല്കുമ്പോൾ കരാർ വച്ചതായി കാണുന്നില്ല. പ്രവൃത്തി ഇതുവരേയും പൂർത്തീകരിച്ചിട്ടില്ല |
| പുതുശ്ശേരി ലക്ഷംവീട് കുടിവെള്ള പദ്ധതി<br>പ്രൊജക്ട് നമ്പർ 92/24 | സെക്രട്ടറി | ₹150000<br>ധനകാര്യ കമ്മീഷൻ അവാർഡ് | ₹ 126000<br>Vr.22300998/29.02.24 | ജില്ല ഓഫീസർ, ഭൂജല വകുപ്പ്, സിവിൽ സ്റ്റേഷൻ, തൃശ്ശൂർ-ന് നല്കിയത്.23.02.2024 തിയ്യതിയിൽ Chwr/07/Sec/23-24 പ്രകാരം കരാർ വച്ചിട്ടുണ്ടെങ്കിലും |

| | | | | |
|---|---|---|---|---|
| | | | | എന്ന് പ്രവൃത്തി പൂർത്തീകരിക്കുമെന്ന് കരാറിൽ പറയുന്നില്ല. പ്രവർത്തി ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല. |

മേൽ പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻകചയറിയ്ക്ക് (ഓഡിറ്റ് എൻകചയറി നമ്പർ 5 തീയതി 13.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-24 ഗ്രാമ സഭ യോഗം യഥാസമയം ചേരുന്നില്ല

ചൊവ്വന്നൂർ പഞ്ചായത്തിലെ ഗ്രാമ സഭകൾ കൂടിയതിന്റെ ഏതാനും യോഗ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഗ്രാമസഭകൾ യഥാസമയം യോഗം ചേരുന്നതായി കാണുന്നില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് അദ്ധ്യായം 2 ഖണ്ഡിക 3 പ്രകാരം ഗ്രാമ സഭ കുറഞ്ഞ പക്ഷം 3 മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരണമെന്ന് പറയുന്നുണ്ട്. എന്നാൽ പഞ്ചായത്തിലെ ഏതാനും ഗ്രാമ സഭകൾ ചേർന്നതിന്റെ മിനിറ്റ്സ് പരിശോധനയിൽ മേൽ നിബന്ധന പാലിക്കുന്നതായി കാണുന്നില്ല.

(1) 6-ാം വാർഡ് ഗ്രാമ സഭ 02.07.2023, 26.12.2023, 28.07.2024 തീയതികളിലും (2) 7-ാം വാർഡ് ഗ്രാമ സഭ 29.06.2023, 26.12.2023, 26.07.2024 തീയതികളിലും (3) 8-ാം വാർഡ് ഗ്രാമ സഭ 01.07.2023, 30.12.2023, 30.07.2024 തീയതികളിലും (4) 12-ാം വാർഡ് ഗ്രാമ സഭ 30.06.2023, 30.12.2023, 25.07.2023 തീയതികളിലുമാണ് യോഗം ചേർന്നത്. കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം യഥാസമയം യോഗം ചേരാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻകചയറിയ്ക്ക് ( നമ്പർ 24/ 15.11.2024) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമ സഭകൾ യഥാസമയം യോഗം ചേരേണ്ടതാണ്.

## 1-25 സുജീവനം-കുട്ടികളുടെ പാർക്ക് നവീകരണം-അപാകതകൾ

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പറും | സുജീവനം-കുട്ടികളുടെ പാർക്ക് നവീകരണം<br>(പ്രൊജക്ട് നമ്പർ 156/240 |
| നിർവ്വഹണോദ്യോഗസ്ഥ | സെക്രട്ടറി |
| | |

| | |
|---|---|
| അടങ്കൽ | ₹ 149600 ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | ₹ 29920 (230096 Dated 28.02.2024)<br>₹ 29920 (22301110 Dated 23.03.2024)<br>₹ 29920 (22301140 Dated 29.03.2024)<br>ആകെ - ₹ 89760 |

ചൊവ്വന്നൂർ പഞ്ചായത്തിൽ നിലവിലുള്ള കുട്ടികളുടെ പാർക്കാണ് സുജീവനം. സുജീവനം കുട്ടികളുടെ പാർക്കിലെ ഉപകരണങ്ങളുടേയും, ഊഞ്ഞാലുകളുടേയും മറ്റും കേടുപാടുകൾ തീർക്കൽ, മൈതാനം മോടിപിടിപ്പിക്കൽ എന്നിവയാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. മേൽ പദ്ധതി നിർവ്വഹിക്കുന്നതിന് കോസ്റ്റ് ഫോർഡ്,തൃശ്ശൂർ എന്ന സ്ഥാപനത്തെ ഏല്പിക്കുകയും സ്ഥാപനം 18.10.2023 തീയതിയിൽ 149600 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പഞ്ചായത്തിന് നല്കുകയും ചെയ്തു. 07.11.2023ലെ പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം 1 പ്രകാരം കോസ്റ്റ് ഫോർഡ് സമർപ്പിച്ച ടെണ്ടർ അംഗീകരിച്ചു. 15.02.2024 തീയതിയിൽ 021/2023-24 നമ്പർ പ്രകാരം കോസ്റ്റ് ഫോർഡുമായി കരാർ ചമച്ചു. സൈറ്റ് ഹാന്റ് ഓവർ ചെയ്ത് 45 ദിവസത്തിനകം പണി പൂർത്തീകരിക്കാൻ കരാറിൽ വ്യവസ്ഥ ചെയ്യുന്നു.

കരാർ പ്രകാരം സ്റ്റേജ് 1 പണിപൂർത്തിയാക്കുമ്പോൾ അടങ്കൽ തുകയുടെ 20% ഉം 2, 3, 4 സ്റ്റേജ് പൂർത്തിയാക്കുമ്പോൾ ഓരോ സ്റ്റേജിനും വിനിയോഗ സാക്ഷ്യപത്രത്തിന്റെ 20% തുകയോ അല്ലെങ്കിൽ പൂർത്തിയാക്കിയ പണിയുടെ മൂല്യത്തിന്റെ 90% തുകയോ മുൻകൂറായി നല്കാനും കരാറിൽ വ്യസ്ഥ ചെയ്യുന്നു. പണി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം നല്കുമ്പോൾ അവശേഷിക്കുന്ന തുക രണ്ടാഴ്ചക്കുളിൽ പഞ്ചായത്ത് കോസ്റ്റ് ഫോർഡിന് നല്കണമെന്ന് കരാറിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പാർക്കിലെ കെട്ടിടത്തിന്റെ ചുവർ വൃത്തിയാക്കി പെയിന്റ് അടിച്ചതിന് 12.03.2024 തീയതിയിൽ 34116 രൂപയുടെ ബിൽ കോസ്റ്റ് ഫോർഡ് നല്കുകയും അടങ്കൽ തുകയുടെ 20% മായ 29920 രൂപ പഞ്ചായത്ത് കോസ്റ്റ് ഫോർഡിന് നല്കുകയും ചെയ്തു. പെയിന്റ് അടിക്കൽ, കുട്ടികളുടെ കളി ഉപകരണങ്ങൾ എന്നിവയുടെ റിപ്പയറിനും മെയിന്റനൻസും ചെയ്ത ഇനത്തിൽ കോസ്റ്റ് ഫോർഡ് 26.03.2024 തീയതിയിൽ 149475 രൂപയുടെ ബിൽ നല്കി. ആകെ പ്രവൃത്തി മൂല്യം 183591. (34116+149475) പഞ്ചായത്ത് മേൽ പട്ടിക പ്രകാരം 59840 (29920+29920) രൂപ കോസ്റ്റ് ഫോർഡിന് നല്കി. 26.03.2024 തീയതിയിൽ കോസ്റ്റ് ഫോർഡ് പ്രവൃത്തി പൂർത്തീകരിച്ചതായി കാണിച്ച് 149600 രൂപയുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് പഞ്ചായത്തിന് നല്കിയിട്ടുണ്ട്. പ്രവൃത്തിയുടെ എം.ബുക്ക് ഹാജരാക്കിയിട്ടില്ല. (183591 രൂപയുടെ പ്രവൃത്തി ചെയ്തതായി ബിൽ

സമർപ്പിച്ചിട്ടുണ്ടെങ്കിലും എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കാണ് 149600 കംപ്ലീഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്)

മെറി ഗോ റൗണ്ട് പൊട്ടി വീണുവെന്നും കേടുപാടുകൾ നാളിതു വരെ റിപ്പയർ ചെയ്യാത്തതിനാൽ അവശേഷിക്കുന്ന തുക നല്കാൻ നിർവ്വാഹമില്ലെന്നും 15.10.2024 തീയതിയിലെ SCI-156/2024 കത്തു പ്രകാരം സെക്രട്ടറി കോസ്റ്റ് ഫോർഡിനെ അറിയിച്ചു. സെക്രട്ടറി കോസ്റ്റ്ഫോർഡിന് കത്ത് നൽകിയിട്ടുണ്ട്. (കത്ത് നം. SCI-156/2024) എന്നാൽ തുടർനടപടി വിവരം ഫയലിൽ ലഭ്യമല്ല. കുട്ടികളുടെ പാർക്ക് നവീകരണം സംബന്ധിച്ച് വിശദ വിവരം ആരാഞ്ഞുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 16/14.11.2024) മറുപടിയായി അസി. എഞ്ചിനീയറുടെ മേൽനോട്ടത്തിൽ സൂപ്പർവിഷൻ നടത്തി പണി തൃപ്തികരമാണെന്ന് ബോദ്ധ്യപ്പെട്ടാൽ മാത്രമേ അവശേഷിക്കുന്ന തുക നല്കുകയുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. പാർക്ക് നവീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 വെതർ സ്റ്റേഷൻ നിർമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം

സ.ഉ. (കൈ) നം.115/22/ത.സ്വ.ഭ.വ തീയതി 28.05.2022, ഖണ്ഡിക 7.8.8 പ്രകാരം ഓരോ പഞ്ചായത്തിലും വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശമുള്ളതിനാൽ ടി ആവശ്യത്തിലേക്കായി 10x12 മീറ്റർ തുറസ്സായ സ്ഥലം ലഭ്യമാണോയെന്ന് അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 14/14.11.2024) ലഭ്യമാക്കിയ മറുപടി പ്രകാരം സ്ഥലം ലഭ്യമാണന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ കമ്മിറ്റി തീരുമാനത്തോടെ ഫണ്ടും, സാങ്കേതിക വിദ്യയും റീബിൽഡ് കേരള മുഖാന്തിരം ലഭ്യമാക്കി വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 ബോർവെൽ നിർമ്മാണം-പദ്ധതി പൂർത്തീകരിച്ച് ഉപയോഗയോഗ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്റ്റ് നമ്പറും പേരും | 113/23-24- വാർഡ് 1, വാർഡ് 2 പാങ്കുളം പരിസരം പാടശേഖരത്തിന് ബോർവെൽ നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ തുക | ₹ 200,000 വികസന ഫണ്ട് |
| ചെലവഴിച്ച തുക | ₹ 2,00,000 |
| | |

| | |
|---|---|
| വൗച്ചർ നമ്പർ | 42301310, തീയതി 25/3/24 |

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ കുടിവെള്ള പദ്ധതിയുടെ ബോർവെൽ നിർമ്മാണത്തിനായി കരാർ നല്കിയ ഭൂജല വകുപ്പ് ടി പ്രവൃത്തി പൂർത്തീകരിച്ച് സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുള്ളതായി കാണുന്നില്ല, ടി കാര്യങ്ങൾക്കു് വിശദീകരണവും, പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 20/15.11.24-ന് ലഭ്യമാക്കിയ മറുപടി പ്രകാരം പദ്ധതി പൂർത്തീകരിച്ചിട്ടില്ലായെന്നും, എസ്റ്റിമേറ്റ് തുകയിൽ നൽകുവാൻ ബാക്കിയായ തുകക്ക് പദ്ധതി 2024-25 വർഷത്തിൽ സ്പിൽ ഓവർ ആക്കിയിട്ടുണ്ടെന്നും, നവംമ്പർ മാസത്തിൽ പൂർത്തിയാക്കുന്നതാണെന്നും സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കാമെന്നും അറിയിച്ചിട്ടുണ്ട്. ബോർവെൽ വെള്ളം ഉപയോഗിച്ച് പാടങ്ങളിലെ നെൽകൃഷിയുടെ കൊയ്ത്ത് കഴിഞ്ഞ്, പച്ചക്കറി കൃഷിക്ക് ജലസേചനമാണ് വിഭാവനം ചെയ്തിരിക്കുന്നത്, പദ്ധതി വൈകും തോറും കൃഷിക്കാവശ്യമായ വെള്ളം ലഭിക്കാത്ത സാഹചര്യമുണ്ടാകാനിടയുണ്ട്. ഭാവിയിൽ മുൻകൂർ തുക കൈപ്പറ്റിയ സ്ഥാപനങ്ങളുമായി കരാർ ചമയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കേണ്ടതാണ്. സമയബന്ധിതമായി പ്രവൃത്തികൾ നടത്തുന്നുണ്ടോയെന്നു മോണിറ്ററിങ്ങ് സമിതി പരിശോധിക്കേണ്ടതാണ്. പ്രവൃത്തികൾ എത്രയും വേഗം പൂർത്തിയാക്കി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-28 ഹരിത കർമ്മസേന-മാലിന്യ സംസ്ക്കരണം അവലോകനം

